പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.29 — 28.11.2018 ൽ മറുപടിയ്ക്ക്

## കേരള ജല അതോറിറ്റിയിലെ ഓപ്പറേറ്റർ തസ്തികയിലെ പി.എസ്.സി. നിയമനം

ചോദ്യം — മറുപടി

ശ്രീ.ആർ. രാജേഷ് — പിണറായി വിജയൻ (മുഖ്യമന്ത്രി)

| ചോദ്യം | മറുപടി |
| --- | --- |
| (എ) കേരള ജല അതോറിറ്റിയിലെ ഓപ്പറേറ്റർ തസ്തിക അംഗപരിമിതർ എന്ന നിലയിൽ ഏതൊക്കെ വിഭാഗത്തിനാണ് ലഭ്യമാകുന്നത്;<br>(ബി) ലോക്കോമോട്ടോർ ഡിസ്എബിലിറ്റി ഉള്ളവർക്ക് പ്രസ്തുത തസ്തികയിൽ പി.എസ്.സി. നിയമനം ലഭ്യമാകുന്നതിന് നിലവിൽ തടസ്സങ്ങളുണ്ടോ;ഉണ്ടെങ്കിൽ ഈ തടസ്സം മറികടക്കുന്നതിനാവശ്യമായ ഏതെങ്കിലും പരിശോധന നിലവിൽ എക്സ്പേർട്ട് കമ്മിറ്റി നടത്തിയിട്ടുണ്ടോ;<br>(സി) പ്രസ്തുത പരിശോധന നടത്തിയ റിപ്പോർട്ട് ആർക്കെങ്കിലും സമർപ്പിച്ചിട്ടുണ്ടോ;റിപ്പോർട്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (എ), (ബി) & (സി)<br>കേരള ജല അതോറിറ്റിയിലെ ഓപ്പറേറ്റർ തസ്തിക Low vision വിഭാഗത്തിന് അനുയോജ്യമായി G.O(P)No.1/13/SJD ഉത്തരവ് പ്രകാരം കണ്ടെത്തിയിട്ടുണ്ട്. ആയത് Hearing impairment, Locomotor disability എന്നീ വിഭാഗങ്ങൾക്കു കൂടി അനുയോജ്യമായി 10.8.2018 ൽ ചേർന്ന അംഗപരിമിതർക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്തുന്നതിനായി രൂപീകരിച്ചിട്ടുള്ള എക്സ്പർട്ട് കമ്മിറ്റിയുടെ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച സർക്കാർ ഉത്തരവ്(അച്ചടി) നം.20/2018/സാ.നീ.വ തീയതി 26.11.2018 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ